പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 240 **28-10-2026-ൽ മറുപടിയ്ക്ക്**

വനത്തിനുള്ളിൽ 'വർക്കേഷൻ' സൗകര്യം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. രാജൻ. ജെ. പല്ലൻ

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. സുധീർഷാ പാലോട്

ശ്രീ. കെ. ബിനിമോൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

(എ) ഓഫീസിലെ തിരക്കുകളിൽ നിന്നും മാറി കൊടുംകാടിനുള്ളിൽ താമസിച്ച് വർക്കേഷൻ സൗകര്യം ഒരുക്കാൻ വനം വികസന കോർപ്പറേഷൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: തയ്യാറാക്കിയിട്ടുണ്ട്. ഓഫീസിലെ തിരക്കുകളിൽ നിന്ന് മാറി വനം വികസന കോർപ്പറേഷന്റെ അനുവദനീയമായ സ്ഥലത്ത് താമസിച്ച് ജോലി ചെയ്യുന്നതിനായി കെ.എഫ്.ഡി.സി. ആവിഷ്കരിച്ച നവീന പദ്ധതിയാണ് 'വർക്കേഷൻ'. ജോലി ചെയ്യുന്നതിനായി ഹൈസ്പീഡ് ഇന്റർനെറ്റ് ഫെസിലിറ്റി, 24 മണിക്കൂർ അസിസ്റ്റൻസ്, ആകർഷകമായ താരിഫ്, ഡെഡിക്കേറ്റഡ് വർക്ക് റൂം, ടെക്കിംഗ്, ബോട്ടിംഗ്, ഭക്ഷണം എന്നിവ വർക്കേഷൻ പാക്കേജിൽ ഉൾപ്പെടുന്നു.

(ബി) ആദ്യഘട്ടത്തിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് പ്രസ്തുത വർക്കേഷൻ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

മറുപടി: നിലവിൽ ഗവി, റാന്നി, എന്നീ സ്ഥലങ്ങളിലാണ് വർക്കേഷൻ ആരംഭിച്ചിട്ടുള്ളത്. ഭാവിയിൽ വാഗമൺ തുടങ്ങി കെ.എഫ്.ഡി.സി.യുടെ മറ്റ് ഇക്കോ ടൂറിസം കേന്ദ്രങ്ങളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

(സി) ജോലി ചെയ്യാൻ ആവശ്യമായ സൗകര്യങ്ങൾ, ഇന്റർനെറ്റ്, ഭക്ഷണം എല്ലാം ഉൾപ്പെടുന്നതാണോ പാക്കേജ് എന്നും പാക്കേജുകളുടെ നിരക്ക് എത്രയെന്നും വിശദമാക്കുമോ?

മറുപടി: ജോലി ചെയ്യുന്നതിനായി ഹൈസ്പീഡ് ഇന്റർനെറ്റ് ഫെസിലിറ്റി, 24 മണിക്കൂർ അസിസ്റ്റൻസ്, ഡെഡിക്കേറ്റഡ് വർക്ക് റൂം, ടെക്കിംഗ്, ബോട്ടിംഗ്, ഭക്ഷണം എന്നിവയെല്ലാം ഉൾപ്പെടുന്നതാണ് പാക്കേജ്.

വർക്കേഷൻ പാക്കേജിന് നിലവിൽ നാല് പകലും മൂന്ന് രാത്രിയും രണ്ടുപേർക്ക് തങ്ങാനുള്ള സൗകര്യവുമായി 14,000 രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ